(സി) പ്രസ്തുത നടപടി മൂലമുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. സർക്കാർ ഉത്തരവ് (പി) നം. 572/02 നം. തീയതി 24-9-2002 പ്രകാരം അനുമതി തേടേണ്ടതുണ്ട്.

(സി) അനുവാദം തേടുന്ന മുറയ്ക്ക് ഉടനടി അനുമതി നൽകുന്നുണ്ട്. ഒട്ടും കാലതാമസമുണ്ടാകുന്നില്ല.

വടക്കാഞ്ചേരിയിൽ ഡിപ്പാർട്ട്മെന്റ് പരീക്ഷാകേന്ദ്രം

19 [5162] ശ്രീ. വി. ബാലറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന ഡിപ്പാർട്ട്മെന്റ് പരീക്ഷകൾ എഴുതുന്നതിനുള്ള സെന്ററുകൾ ഏതൊക്കെയാണെന്ന് ജില്ല തിരിച്ച് അറിയിക്കാമോ;

(ബി) താലൂക്ക് ആസ്ഥാനമായ വടക്കാഞ്ചേരിയിൽ ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് എഴുതുന്നതിന് സെന്റർ ഇല്ലാത്തകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന ഡിപ്പാർട്ടുമെന്റ് ടെസ്റ്റിനുള്ള പരീക്ഷാ കേന്ദ്രങ്ങളുടെ ലിസ്റ്റിൽ വടക്കാഞ്ചേരി ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ കൂടി ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ—സി) വിവരം ശേഖരിച്ചുവരുന്നു.

സെക്രട്ടേറിയറ്റിലെ അസിസ്റ്റന്റുമാരുടെ നിയമനവും സീനിയോറിറ്റിയും സംബന്ധിച്ച ചട്ടങ്ങൾ

20 [5163] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലെ ധനകാര്യവും നിയമവും ഉൾപ്പെടെ വിവിധ വകുപ്പുകളിൽ അസിസ്റ്റന്റുമാരെ നിയമിക്കുന്നത് സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ ചട്ടങ്ങൾ പ്രകാരമാണോ എന്ന് വെളിപ്പെടുത്തുമോ;

(ബി) ധനകാര്യവും നിയമവും ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിൽ നിയമനം നടത്തുന്ന അസിസ്റ്റന്റുമാരുടെ സീനിയോറിറ്റി നിശ്ചയിക്കുന്നതിനുള്ള ചട്ടങ്ങൾ കെ. എസ്. എസ്. എസ്. ആർ. പ്രകാരമുള്ളതാണോ എന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly